## ജോലി സമയം വർദ്ധിപ്പിച്ചുകൊണ്ടും ഓവർ ടൈം വേതനം കുറച്ചുകൊണ്ടും ഗുജറാത്ത് സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ നിയമവിരുദ്ധം

### സുപ്രീം കോടതി

W.P. (C) No. 708/2020 Dt. 1.10.2020

ഗുജറാത്ത് മസ്ദൂർ സഭ

x

സ്റ്റേറ്റ് ഓഫ് ഗുജറാത്ത്

കോവിഡ്-19 എന്ന ആഗോള പകർച്ചവ്യാധിയുടെ വ്യാപനത്തെത്തുടർന്ന് 24.3.2020-ൽ ദേശ വ്യാപകമായി കേന്ദ്രസർക്കാർ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതോടെ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനരഹിതമായി. ഇത് സ്ഥാപനങ്ങൾക്കും തൊഴിലാളികൾക്കും സാമ്പത്തിക ഞെരുക്കത്തിന് ഇടയാക്കി. അപ്രകാരമിരിക്കെ 20.4.2020 മുതൽ നിയന്ത്രണങ്ങളോടെ വ്യവസായ സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാർ പ്രവർത്തനാനുമതി നല്കി. ഒരു മാസത്തോളം അടച്ചുപൂട്ടിക്കിടന്ന വ്യവസായ സ്ഥാപനങ്ങളുടെ ഉൽപാദനക്ഷമത സാധാരണ നിലയിലെത്തിക്കാൻ ഗുജറാത്ത് സർക്കാർ ചില അസാധാരണ നടപടികളെടുത്തു. അതിന്റെ ഭാഗമായി 20.4.2020-ൽ ഗുജറാത്ത് സർക്കാർ ഒരു വിജ്ഞാപനം പുറപ്പെടുവിച്ചു. തൊഴിലുടമകൾക്ക് ഗുണകരവും തൊഴിലാളികൾക്ക് ദോഷകരവുമായ ചില വ്യവസ്ഥകളാണ് വിജ്ഞാപനം വഴി നടപ്പാക്കിയത്. ജോലി സമയം, ഓവർ ടൈം വേതനം എന്നിവ സംബന്ധിച്ച വ്യവസ്ഥകളിൽ നിന്ന് വ്യവസായ സ്ഥാപനങ്ങൾക്ക് ഒഴിവ് നല്കുന്നതാണ് പ്രസ്തുത വിജ്ഞാപനം. ദിനംപ്രതി പരമാവധി ഒമ്പത് മണിക്കൂറും പ്രതിവാരം പരമാവധി നാല്പത്തിയെട്ട് മണിക്കൂറും മാത്രമേ തൊഴിലാളിയെക്കൊണ്ട് പണിയെടുപ്പിക്കാവൂ എന്ന വ്യവസ്ഥക്ക് പകരം യഥാക്രമം പന്ത്രണ്ട് മണിക്കൂറും എഴുപത്തിരണ്ട് മണിക്കൂറും ജോലി ചെയ്യിക്കാമെന്ന് വിജ്ഞാപനത്തിൽ വ്യക്തമാക്കി. തുടർച്ചയായി അഞ്ച് മണിക്കൂറിലധികം ജോലി ചെയ്യിക്കരുതെന്നത് ആറ് മണിക്കൂറായി വർദ്ധിപ്പിച്ചു. കൂടാതെ ഓവർ ടൈം ജോലിക്ക് ഇരട്ടി വേതനം നല്കേണ്ടതില്ലെന്നും സാധാരണ വേതനം നല്കിയാൽ മതിയെന്നും വിജ്ഞാപനത്തിൽ വ്യവസ്ഥയുണ്ട്. ഗുജറാത്ത് സർക്കാരിന്റെ ഈ വിജ്ഞാപനം നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിച്ച് റദ്ദാക്കണമെന്നാവശ്യപ്പെട്ട് രണ്ട് തൊഴിലാളി യൂണിയനുകൾ സുപ്രീം കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ആഗോള പകർച്ചവ്യാധി വ്യാപനത്തിന്റെ പേരിൽ സുപ്രധാന തൊഴിൽ വ്യവസ്ഥകളിൽ നിന്ന് ഏകപക്ഷീയമായി തൊഴിലുടമകൾക്ക് ഒഴിവ് നല്കാൻ നിയമപ്രകാരം സംസ്ഥാന-കേന്ദ്ര സർക്കാരുകൾക്ക് അധികാരമില്ലെന്ന് യൂണിയനുകൾ വാദിച്ചു. തൊഴിലുടമകളെപ്പോലെത്തന്നെ തൊഴിലാളികളും കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിലാണെന്നും പുതിയ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ തൊഴിലാളികളുടെ അവസ്ഥ കൂടുതൽ പരിതാപകരമാക്കുമെന്നും യൂണിയനുകൾ ചൂണ്ടിക്കാട്ടി. വിജ്ഞാപന വ്യവസ്ഥകൾ അന്യായവും നിയമവിരുദ്ധവുമായതിനാൽ റദ്ദാക്കണമെന്ന് അവർ ആവശ്യപ്പെട്ടു. ആഭ്യന്തര പ്രശ്നങ്ങൾ ഉണ്ടായാൽ ഫാക്ടറി നിയമത്തിലെ വ്യവസ്ഥകളിൽ നിന്ന് ഒഴിവ് നല്കാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ടെന്ന് സർക്കാർ വാദിച്ചു. ആഗോള പകർച്ചവ്യാധി വ്യാപനം മൂലമുണ്ടായ കടുത്ത സാമ്പത്തിക ഞെരുക്കം സമൂഹത്തിന്റെ താളം തെറ്റിച്ചെന്നും അത് സാമൂഹിക സുരക്ഷ അപകടത്തിലാക്കിയെന്നും അത്തരം അടിയന്തര സാഹചര്യത്തിൽ ഫാക്ടറി നിയമത്തിലെ വ്യവസ്ഥകളിൽ നിന്ന് ഒഴിവ് നല്കുന്ന വിജ്ഞാപനം പുറപ്പെടുവിച്ചതിൽ തെറ്റില്ലെന്നും സംസ്ഥാന സർക്കാർ വാദിച്ചു. യുദ്ധം, വിദേശാക്രമണം, ആഭ്യന്തര സായുധ കലാപം എന്നീ സാഹചര്യങ്ങളിൽ മാത്രമേ ഫാക്ടറി നിയമത്തിലെ വ്യവസ്ഥകളിൽ നിന്ന് ഒഴിവ് നല്കാൻ സർക്കാരിന് അധികാരമുള്ളൂവെന്ന് സുപ്രീം കോടതി നിരീക്ഷിച്ചു. മാത്രമല്ല ഗുജറാത്ത് സർക്കാരിന്റെ വിജ്ഞാപനം മിനിമം കൂലി നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധവും നിർബ്ബന്ധിത തൊഴിലിന് അനുവാദം നല്കുന്നതുമാണെന്നും സുപ്രീം കോടതി വിലയിരുത്തി. വിജ്ഞാപനം നിയമവിരുദ്ധമാണെന്ന് സുപ്രീം കോടതി പ്രഖ്യാപിക്കുകയും അത് റദ്ദാക്കുകയും ചെയ്തു. വിജ്ഞാപനത്തെ തുടർന്ന് ഓവർ ടൈം ജോലി ചെയ്ത തൊഴിലാളികൾക്ക് നിയമപ്രകാരമുള്ള ഇരട്ടി വേതനം നല്കണമെന്ന് സുപ്രീം കോടതി പ്രത്യേകമായി നിർദ്ദേശിക്കുകയും തൊഴിലാളി യൂണിയനുകളുടെ റിട്ട് ഹർജി അനുവദിക്കുകയും ചെയ്തു.